ബേക്കൽ ടൂറിസം വികസനത്തിന് ബി.ആർ.ഡി.സി. പ്രവർത്തനം

10 [988] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യത്തിന് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബി.ആർ.ഡി.സി. മുഖേന ബേക്കൽ ടൂറിസം വികസനത്തിനുവേണ്ടി നടന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബേക്കൽ ടൂറിസം വികസനത്തിന് ആവശ്യമായ മുഖ്യഅടിസ്ഥാന സൗകര്യമായ 70 ലക്ഷം ലിറ്റർ പ്രതിദിന ശേഷിയുള്ള ശുദ്ധജല വിതരണ പദ്ധതി പൂർത്തിയാക്കി ഭാഗികമായി കമ്മീഷൻ ചെയ്തു.

വലിയ പറമ്പയിൽ നാല് ഹൗസ്ബോട്ടുകൾ ഏർപ്പെടുത്തി വിനോദസഞ്ചാരികൾക്കു വേണ്ടിയുള്ള ഹൗസ്ബോട്ട് പദ്ധതി നടപ്പിലാക്കി.

ബി.ആർ.ഡി.സി. ഏറ്റെടുത്ത ബേക്കൽ ഫോർട്ട് ബീച്ചിന്റെ സൗന്ദര്യവൽക്കരണത്തിന് ആവശ്യമായ സിവിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി ലാന്റ് സ്കേപ്പിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ പൂർത്തിയാക്കിവരുന്നു.

റിസോർട്ടുകളുടെ നിർമ്മാണത്തിനായി 5.282 ഹെക്ടർ ഭൂമി കൂടി ഏറ്റെടുത്തിട്ടുണ്ട്.

ബി.ആർ.ഡി.സി. നേരിട്ട് ടെൻഡർ ക്ഷണിച്ചതനുസരിച്ച് ഉയർന്ന വാർഷിക പാട്ടം വാഗ്ദാനം ചെയ്ത താഴെപ്പറയുന്ന ഹോട്ടൽ ഗ്രൂപ്പുകൾക്ക് പാട്ടക്കരാർ വ്യവസ്ഥയിൽ റിസോർട്ടു സൈറ്റുകൾ കൈമാറുന്നതു സംബന്ധിച്ച് ലൈസൻസ് ഡീഡ് ഒപ്പുവച്ചു കഴിഞ്ഞു. തുടർന്ന് രണ്ട് വർഷത്തിനകം നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കി ഹോട്ടലുകൾ പ്രവർത്തനക്ഷമമാക്കണമെന്നാണ് വ്യവസ്ഥ.

1. ഭാരത് ഹോട്ടൽസ്, ന്യൂ ഡൽഹി.
2. ഹോളിഡേ ഗ്രൂപ്പ്, ഷാർജ.
3. ഖന്ന ഹോട്ടൽസ് പ്രൈവറ്റ് ലിമിറ്റഡ്, മുംബൈ.

തൃശ്ശൂർ ജില്ലയിൽ ഡി.ടി.പി.സി. പദ്ധതികൾ

11 [989] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ഡി.ടി.പി.സി. ഇപ്പോൾ ഏറ്റെടുത്ത് നടത്തിവരുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) തൃപ്രയാറിൽ കനോലി കനാലിന്റെ കിഴക്കുഭാഗത്ത് ആരംഭിക്കുന്ന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിക്ക് സർക്കാർ ഇതുവരെ നൽകിയ സഹായം എത്ര;

(ഡി) ഇതിനുവേണ്ടി താന്നൂം ഗ്രാമപഞ്ചായത്ത് ഡി.ടി.പി.സി.-ക്ക് നൽകിയ സ്ഥലം എത്രയാണെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ പദ്ധതി പൂർത്തിയാക്കാനുള്ള തടസ്സം എന്താണ് എന്ന് വ്യക്തമാക്കാമോ;

(എഫ്) പഴുവിൽ ക്രിസ്ത്യൻ ദേവാലയത്തിനോടനുബന്ധിച്ചുള്ള അർണ്ണോസ് പാതിരിയുടെ ശവകുടീരം സംരക്ഷിക്കാനും മ്യൂസിയം നിർമ്മിക്കാനുമുള്ള നടപടി ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ പദ്ധതിയുടെ ഭാഗമായി ബോട്ട്ഹൗസിന്റെയും, ബോട്ട് ജെട്ടിയുടെയും നിർമ്മാണം തൃശ്ശൂർ ഡി.ടി.പി.സി. പൂർത്തീകരിച്ചിട്ടുണ്ട്.

(സി) പത്ത് ലക്ഷം രൂപ

(ഡി) 56 സെന്റ് സ്ഥലം.

(ഇ) ചിൽഡ്രൻസ് പാർക്ക്, ബോട്ടുകൾ എന്നീ സൗകര്യങ്ങളാണ് ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത്. പക്ഷെ ആസൂത്രണ ബോർഡിന്റെ നിബന്ധന പ്രകാരം ഇത്തരം വാണിജ്യ സ്വഭാവമുള്ള പദ്ധതികൾ ഡി.ടി.പി.സി. ഏറ്റെടുക്കാൻ പാടില്ല എന്ന സ്ഥിതിയാണ്. ഈ മേഖലകളിൽ സ്വകാര്യ സംരംഭകരുടെ സഹകരണം തേടാനും പദ്ധതി ഉടനെ പൂർത്തികരിക്കാനും ഡി.ടി.പി.സി.-യോട് നിർദ്ദേശിക്കുന്നതാണ്.

(എഫ്) ഇക്കാര്യം പുരാവസ്തു വകുപ്പ് പരിശോധിക്കേണ്ട വിഷയമാണ്. ടൂറിസം വകുപ്പിന് ഇക്കാര്യത്തിൽ നടപടികളൊന്നും സ്വീകരിക്കുവാനില്ല.

ബിയർ വിൽപ്പന

12 [990] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ടി.ഡി.സി.-യുടെ ബിയർ പാർലറുകൾ മുഖേന വർഷംതോറും ശരാശരി എത്ര കെയ്സ് ബിയർ വിറ്റഴിക്കാറുണ്ട്;

(ബി) ബിയർ വ്യാപാരത്തിന് കമ്പനികൾ കെ.ടി.ഡി.സി.-ക്ക് കമ്മീഷൻ നൽകാറുണ്ടോ;

(സി) എങ്കിൽ എത്ര ശതമാനം എന്നറിയ്ക്കാമോ;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം ഈയിനത്തിൽ ലഭിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ.ടി.ഡി.സി.-യുടെ ബിയർ പാർലറുകൾ മുഖേന വർഷംതോറും ശരാശരി 1,60,000 കെയ്സ് ബിയർ വിറ്റഴിക്കാറുണ്ട്.

(ബി) ഇല്ല.

(സി ആന്റ് ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly